കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

.

# കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail:ddlfakkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

കെ.എസ്.എ. കെ.കെ.ഡി പി7/440/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട് 673020
ഫോൺ. 0495-2371012
E-mail: ddlfakkd@yahoo.in

തീയ്യതി :21.03.2017

ജോയിന്റ് ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുന്നമ്മൽ ബ്ലോക്ക്പഞ്ചായത്ത് - 2015-16സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നമ്മൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ) ഗ്രാമവികസന വകുപ്പ്, കോഴിക്കോട്
3)കാര്യാലയ പകർപ്പ്

കെ.എസ്.എ. കെ.കെ.ഡി പി7/440/17 തിയ്യതി:21-03-2017.

കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ

2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29-08-2016 മുതൽ 31-01-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മറുപടിയൊന്നും ലഭിച്ചിട്ടില്ല. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.പി.ഉണ്ണികൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.02.2017 മുതൽ 28.02.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജയകുമാർ പാലോളി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ശ്രീജിത്ത്.കെ.വി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അജിത നടേമ്മൽ | 01-04-2015 മുതൽ 31-10-2015വരെ |
| | ശ്രീ.സജിത്ത്.കെ. | 01-11-2015 മുതൽ 31-03-2016വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.ടി.കെ.ഗോവിന്ദൻ. | 01-04-2015 മുതൽ 30-09-2015വരെ |
| | ശ്രീ.കെ.കെ.ജോസഫ് | 01-10-2015മുതൽ 15-02-2016വരെ |
| | ശ്രീ.അജീഷ്.സി.കെ. | 16-02-2016മുതൽ 31-03-2016വരെ |
| മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.പി.എം.ഗോപിനാഥ് | 01-04-2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | ശ്രീ.കെ.പി.സതീഷ് കുമാർ | 01-04-2015 മുതൽ 31-03-2016വരെ |
| സൂപ്രണ്ട്,<br>താലൂക്ക് ആശുപത്രി | ശ്രീ.ഡോ.എം.ജമീല | 01-04-2015മുതൽ 31-03-2016 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.ആമിനാ ബീബി. | 01-04-2015മുതൽ 20-07-2015 വരെ |
| | ശ്രീമതി.ഗീത.കെ. | 21-07-2015മുതൽ 28-10-2015 വരെ |
| | ശ്രീമതി.പ്രേമ.ഒ. | 29-10-2015മുതൽ 29-12-2015 വരെ |
| | ശ്രീമതി.രശ്മി രാമൻ.ബി. | 30-12-2015മുതൽ 31-03-2016 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഇ.എം.പത്മനാഭൻ. | 01-04-2015മുതൽ 31-03-2016 വരെ |
| എസ്.സി.ഡി.ഒ. | ശ്രീമതി.ബിന്ദു.ടി. | 01-04-2015മുതൽ 28-06-2015 വരെ |
| | ശ്രീ.മണികണ്ഠൻ | 29-06-2015 മുതൽ |

| | | |
|---|---|---|
| | | 31-03-2016 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ.നിതിൻ.കെ. | 01-04-2015മുതൽ 31-03-2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| | ഭാഗം 2<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 10 | വാർഷിക കണക്കുകളിലെ അപാകതകൾ | 2-1 |
| 11 | രശീതുകളുടെ ഉപയോഗത്തിലെ അപാകതകൾ | 2-2 |
| 12 | വരവ് ചെലവുകൾ അക്കൗണ്ട് ചെയ്യുന്നതിൽ കൃത്യതയില്ല. | 2-3 |
| | ഭാഗം 3<br>ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| 13 | റോഡ് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചത് -ചുമതലയിൽ പെടാത്തത് | 3-1 |
| 14 | തയ്യാറാക്കുന്നതിൽ അപാകം- എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു | 3-2 |
| 15 | ടാറിംഗിന് അധിക നിരക്ക് നൽകി | 3-3 |
| 16 | റോഡ് പ്രവൃത്തികൾക്ക് ക്വാറി മക്ക് ഉപയോഗിച്ചത്- ആവശ്യകത വ്യക്തമാക്കുന്ന രേഖകൾ ഇല്ല | 3-4 |
| 17 | മൺ റോഡുകൾക്ക് ഫോർമേഷന് തുക നല്കി | 3-5 |
| 18 | പുതിയറോഡിന്റെ നിർമ്മാണം-സൈഡ് ഫോർമേഷന് തുക നല്കി | 3-6 |
| 19 | കുറ്റ്യാടി താലൂക്ക്ആശുപത്രി ഡയാലിസിസ് സെന്ററിനു മരുന്നുവാങ്ങൽ- തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ മുഴുവൻ ലഭിച്ചില്ല. | 3-7 |
| 20 | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാത്ഥികൾക്ക് സ്കോളർഷിപ്പ് പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ-കൈപ്പറ്റ് രസീത് വിനിയോഗവിവരം എന്നിവയില്ല. | 3-8 |
| 21 | ഐ.എ.വൈ ഭവനപദ്ധതിനിർവ്വഹണം -പ്ലാൻഫണ്ടിൽ നിന്നും മുൻകൂറായി തുക പിൻവലിക്കുന്നു. | 3-9 |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ പുതുക്കിയ ബജറ്റ് 04-03-2016 തീയതിയിലെ 3/2/1/28 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 21.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | ഓഡിറ്റ് റിപ്പോർട്ടിനൊപ്പം | |

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 23849983 |
| വരവ് | : | 98345494 |
| ആകെ | : | 122195477 |
| ചെലവ് | : | 97245494 |
| നീക്കിയിരിപ്പ്- | : | 24949983 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | ട്രാൻസ്ഫർ ക്രെഡിറ്റ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1315680 | 25533139 | 26848819 | 26848819 | 0 | 100 | |
| വികസനഫണ്ട് എസ്.സി.പി. | 30550 | 2399000 | 2429550 | 2429550 | 0 | 100 | |
| വികസനഫണ്ട് ടി.എസ്.പി. | 95693 | 491693 | 587386 | 491693 | 0 | 100 | (-)95693 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 535552 | 2425381 | 2960933 | 2960933 | 0 | 100 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 63 | 98002435 | 50 | 33331401 | 13 | 0 | 79 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം.

ബ്ലോക്ക് പഞ്ചായത്ത് ആയതിനാൽ തനത് വരുമാനം ഇല്ലാത്തതിനാൽ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.02.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പൊന്നുമില്ലെന്ന് ബോദ്ധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.02.2016 | 2015-16 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31-01-2015 – 09-02-2015 | 2013-14 | എൽ.ബി.എ.(എച്ച്.ക്യു.)VI/8A /2276/159 തീ.11.05.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളിലെ അപാകതകൾ

കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷികധനകാര്യ പത്രിക,അനുബന്ധ പത്രികകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം ,ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സെക്രട്ടറി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കുന്നില്ല.ഓരോ മാസാന്ത്യവും സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല.

2) ബഡ്ജറ്റ് പ്രൊവിഷൻ പ്രകാരമുള്ള തുക സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.രജിസ്റ്റർ അപൂർണ്ണമാണ്.

3) സാംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേക്ക് മാറുന്ന തീയ്യതി വരെയുള്ള പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല.

4) വാറ്റ്, ആദായനികുതി, നിർമ്മാണതൊഴിലാളി ക്ഷേമനിധി എന്നീ ഇനങ്ങളിൽ പിരിച്ചെടുത്ത തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികളുടെ ഐടി,വാറ്റ്,ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

5) ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടക്കാൻ ബാക്കിയുള്ള തുകയും വാർഷിക കണക്കിൽ ഈ ഇനത്തിലുള്ള തുകയും വ്യത്യസ്തമാണ്.

6) കൃത്യവും വ്യക്തവുമല്ലാത്ത ഹെഡ്ഡുകളിൽ വരവും ചെലവും രേഖപ്പെടുത്തുന്നു.

ഉദാ: 1)ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ I-13 പട്ടികയിൽ വിവിധ ചെലവുകൾ Other Finance Expences എന്ന ഹെഡിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ I-17 പട്ടികയിൽ Water ways എന്ന ആസ്തിക്ക് തേയ്മാനം രേഖപ്പെടുത്തിയതായി കാണുന്നു.എന്നാൽ ബാലൻസ് ഷീറ്റിൽ ആസ്തികളുടെ പട്ടികയിൽ (B-11) Water ways എന്ന ആസ്തിയില്ല.

3) പഞ്ചായത്തിന് ലഭിച്ച വിവിധ ഗ്രാന്റുകൾ വാർഷിക കണക്കിലെ RP- 7 ൽ Other Schemes,Other Revenue Grants എന്ന ഹെഡുകളിലും I-10(b) യിൽ Other Benefits and allowances എന്ന

ഹെഡുകളിലും രേഖപ്പെടുത്തിയിരിക്കുന്നു.വിത്യസ്ത ഇനങ്ങളിലുള്ള ആവർത്തന ചെലവുകൾ Other Administrateve Expences എന്ന ഒറ്റ ഹെഡിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

കൃത്യതയില്ലാത്തതും വ്യക്തമല്ലാത്തതും പൊരുത്തപ്പെടാത്തതുമായ ഹെഡുകളിലാണ് വരവുകളും ചെലവുകളും വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.ഇക്കാരണത്താൽ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്ക് യഥാർത്ഥത്തിലുള്ള വരവ് ചെലവുകളെ പ്രതിഫലിപ്പിക്കുന്നില്ല.

7) ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ,കണ്ടിൻജന്റ് ബിൽ രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തുടങ്ങിയ അനുബന്ധ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

8) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾ ചട്ടം 57 ൽ നിഷ്കർഷിക്കുന്ന പ്രകാരം മാസാന്ത്യങ്ങളിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തേണ്ടതാണ്.എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.ഇക്കാരണത്താൽ RP-40(b) പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9) ബാലൻസ് ഷീറ്റിൽ B-9 പട്ടികയിൽ Liability in Respect of Stale Cheques ഇനത്തിൽ 25666 രൂപ ബാദ്ധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഇതിൽ 16606 രൂപ സാംഖ്യ ആരംഭിച്ച തീയതി മുതൽ ബാദ്ധ്യതയായി രേഖപ്പെടുത്തിയതാണ്.പ്രസ്തുത തുക നാളിതുവരെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

10) ഇടപാടുകൾ നടത്താത്തതും നീക്കിയിരിപ്പില്ലാത്തതുമായ അക്കൗണ്ടുകൾ സാംഖ്യയിൽ നിന്നും ഒഴിവാക്കുന്നില്ല.

ഉദാ: SMGB TSC, Gramina Bank Kakkattil തുടങ്ങിയ അക്കൗണ്ടുകൾ

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 28-02-2017 തീയതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ അദ്ധ്യായം 6,7 എന്നിവയിൽ നിഷ്കർഷിച്ച പ്രകാരം വിവിധ കാലയളവുകളിൽ നടത്തേണ്ട പരിശോധനകളും പൊരുത്തപ്പെടുത്തലുകളും നടത്തുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്.അനുബന്ധ രജിസ്റ്ററുകൾ തയ്യാറാക്കുന്നതിലും കാലികമാക്കുന്നതിലും ഉത്തരവാദപ്പെട്ട ജീവനക്കാർ വീഴ്ച വരുത്തിയിട്ടുണ്ട്.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 രശീതുകളുടെ ഉപയോഗത്തിലെ അപാകതകൾ

കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 31-01-2017 വരെയുള്ള രശീതുകളും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചു.താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

2) രശീത് ബുക്കുകൾക്കും സാംഖ്യ രശീതുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3) 16-12-2015 തീയതിയിൽ 1500 സാംഖ്യ രശീതുകൾ കോഴിക്കോട് അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണറിൽ നിന്നും പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്.എന്നാൽ നാളിതുവരെ സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന ബ്ലോക്ക് പഞ്ചായത്ത് രശീത് അനുവദിച്ചിട്ടില്ല.പഞ്ചായത്തിന്റെ വിവിധ വരവുകൾക്ക് രശീത് നൽകുന്നതിന് സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.4, തീ.28-02-2017) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. വരവുകൾ മുഴുവൻ രശീത് ബുക്ക് മുഖേന മാനുവലായി സ്വീകരിക്കുന്ന രീതി അവസാനിപ്പിക്കേണ്ടതാണ്. രശീതുകൾ സാംഖ്യ മുഖേന സ്വീകരിച്ച് സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 വരവ് ചെലവുകൾ അക്കൗണ്ട് ചെയ്യുന്നതിൽ കൃത്യതയില്ല.

കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളിൽ നിന്നും 20-02-2017 തീയതി വരെ

നടത്തിയ പണം ഒടുക്കലുകളും പിൻവലിക്കലുകളും പരിശോധിച്ചു.താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് ടി.എസ്.ബി അക്കൗണ്ടിൽ നിന്നും 08-08-2016 തീയതിയിൽ 33116 രൂപ പിൻവലിച്ചിട്ടുണ്ട്.എന്നാൽ തുക പിൻവലിച്ച് 14 ദിവസങ്ങൾക്ക് ശേഷം 22.08.2016 തീയതിയിലാണ് പ്രസ്തുത തുകക്ക് സാംഖ്യയിൽ പേയ്മെന്റ് രേഖപ്പെടുത്തിയിട്ടുള്ളത്. വരവുകളും ചെലവുകളും സമയബന്ധിതമായി സാംഖ്യയിൽ രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തി.

2) ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ട്രഷറി / ബാങ്ക് അക്കൗണ്ടുകൾ മാസാന്ത്യത്തിൽ പൊരുത്തപ്പെടുത്തി അക്കൗണ്ടിന്റെ കൃത്യത ഉറപ്പാക്കുന്നില്ല.

3) ഓഡിറ്റ് ആവശ്യപ്പെട്ടതിൻ പ്രകാരം കനറാ ബാങ്ക് ടി.എസ്.സി അക്കൗണ്ട് റികൺസിലിയേഷൻ നടത്തി ഹാജരാക്കിയെങ്കിലും അക്കൗണ്ടിൽ 9914 രൂപ ബാങ്ക് ബുക്കിലെ തുകയേക്കാൾ അധികമായി കാണുന്നു.ഉത്തരവാദപ്പെട്ട ജീവനക്കാരന് വ്യത്യാസത്തിന്റെ സാംഗത്യം വിശദീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

4) ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരം BPFA II, കനറാ ബാങ്ക് ഐ.എ.വൈ അക്കൗണ്ട് എന്നിവയിൽ നിന്നും നീക്കിയിരിപ്പിനേക്കാൾ അധികം തുക ചെലവ് ചെയ്തതായി കാണുന്നു.31-01-2017 തീയതിയിൽ സാംഖ്യ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് റിപ്പോർട്ട് പ്രകാരം പ്രസ്തുത അക്കൗണ്ടുകൾ മൈനസ് ബാലൻസിലാണ് ക്ലോസ് ചെയ്തിട്ടുള്ളത്. ബന്ധപ്പെട്ട അക്കൗണ്ടുകളിൽ വരവുകൾ രേഖപ്പെടുത്താതെ ചെലവ് നടത്തിയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്.

ഇക്കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8, തീ.28-02-2017) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.വരവുകളും ചെലവുകളും സാംഖ്യയിൽ അക്കൗണ്ട് ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നത് ആശ്വാസ്യമല്ല.മാസാന്ത്യങ്ങളിൽ വിവിധ പത്രികകളും ട്രഷറി / ബാങ്ക് അക്കൗണ്ടുകളും പൊരുത്തപ്പെടുത്തി അക്കൗണ്ടിന്റെ കൃത്യത ഉറപ്പാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.അനുബന്ധ രജിസ്റ്ററുകൾ തയ്യാറാക്കുന്നതിലും നിലവിലുള്ള രജിസ്റ്ററുകൾ കാലികമാക്കുന്നതിലും കണക്കുകൾ കൃത്യമാക്കുന്നതിലും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. അപാകതകൾ പരിഹരിച്ച് കണക്കുകൾ കുറ്റമറ്റതാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 റോഡ് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചത് -ചുമതലയിൽ പെടാത്തത്

നിർവ്വഹണം : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ 30 പ്രൊജക്ടുകളിൽ 15 പ്രൊജക്ടുകളും റോഡ് പ്രവൃത്തികളുടേതാണ്.ഇവയ്ക്കായി ആകെ 1.15 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം | ഫണ്ടിനം | ചെലവു പത്രിക പ്രകാരം ആകെ ചെലവ് |
|---|---|---|---|
| 1 | 17/16 | പ്ലാൻ(ജനറൽ) | 999990 |
| 2 | 20/16 | പ്ലാൻ(ജനറൽ) | 998878 |
| 3 | 21/16 | പ്ലാൻ(ജനറൽ) | 991839 |
| 4 | 22/16 | പ്ലാൻ(ജനറൽ) | 546941 |
| 5 | 23/16 | പ്ലാൻ(ജനറൽ) | 999999 |
| 6 | 25/16 | പ്ലാൻ(ജനറൽ) | 999421 |
| 7 | 26/16 | പ്ലാൻ(ജനറൽ) | 697404 |
| 8 | 28/16 | പ്ലാൻ(ജനറൽ) | 1421904 |
| 9 | 32/16 | പ്ലാൻ(ജനറൽ) | 435432 |
| 10 | 33/16 | പ്ലാൻ(ജനറൽ) | 550400 |
| 11 | 34/16 | പ്ലാൻ(ജനറൽ) | 600000 |
| 12 | 35/16 | പ്ലാൻ(ജനറൽ) | 566005 |
| 13 | 36/16 | പ്ലാൻ(ജനറൽ) | 388250 |
| 14 | 58/16 | പ്ലാൻ(ജനറൽ) | 826149 |
| 15 | 67/16 | പ്ലാൻ(scp) | 482924 |
| ആകെ | | | 11505536 |

രേഖകൾ പരിശോധിച്ചതിൽ മേല്പറഞ്ഞ റോഡുകൾ മുഴുവനും ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകൾക്കുള്ളിലുള്ളതും ഗ്രാമപഞ്ചായത്തുകളുടെ ആസ്തിയിൽപ്പെടുന്നതുമാണെന്ന് കാണുന്നു.കൂടാതെ റോഡുകൾ മുഴുവൻ 3.5 മീറ്ററിൽ താഴെ മാത്രം വീതിയുള്ളതുമാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 172 (1) പ്രകാരമുള്ള നാലാം പട്ടികയിൽ , ബ്ലോക്ക്

പഞ്ചായത്തുകളുടെ ചുമതലകൾ പ്രതിപാദിക്കുന്നതിൽ, മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽപെടുന്നതാണ് പൊതുമരാമത്ത്. ഇതു പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക എന്നതു മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നത്. 16.11.13ലെ എം.എസ് 362/13/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖയിൽ ഗതാഗതമേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന് നിർവ്വഹിക്കാവുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് പ്രതിപാദിക്കുന്നുമില്ല.ആക്ട് പ്രകാരമോ, ആസൂത്രണ/സബ്സിഡി മാർഗ്ഗരേഖ പ്രകാരമോ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത റോഡുകളുടെ പരിപാലനത്തിന്, മേല്പറഞ്ഞവപ്രകാരം ചുമതലയേല്പിച്ച കാര്യങ്ങൾ/ചുമതലകൾ നിറവേറ്റുന്നതിന് ലഭ്യമായ ഫണ്ട് വകമാറ്റിചെലവഴിച്ചതിന് വിശദീകരണം നല്കേണ്ടതാണ്. 2015-16വർഷത്തിൽ ലഭ്യമായതിന്റെ പ്ലാൻ ഫണ്ടിന്റെ 40%വും(ആകെ ചെലവിന്റെ 43%)ഇപ്രകാരം വകമാറ്റിയെന്നത് ഗൗരവപൂർവ്വം കാണേണ്ടതുണ്ട്.

## 3-2 തയ്യാറാക്കുന്നതിൽ അപാകം- എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു

നിർവ്വഹണം : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ പുതുതായി അംഗീകാരം വാങ്ങി നിർവ്വഹണം നടത്തിയ 26 പ്രൊജക്ടുകളിൽ 13 പ്രൊജക്ടുകളുടെ എസ്റ്റിമേറ്റ് ടെണ്ടർ ചെയ്ത് കരാറുകാരുമായി എഗ്രിമെന്റ് വച്ചതിനുശേഷം പുതുക്കിയിട്ടുണ്ട്. ഇതിൽ റോഡുകളുടെ എസ്റ്റിമേറ്റാണ് വ്യാപകമായി പുതുക്കിയത് . ആകെ 15 പുതിയ റോഡുകളുടെ പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയതിൽ 11 പ്രൊജക്ടുകളുടെയും എസ്റ്റിമേറ്റ് പുതുക്കിക്കാണുന്നു.പുതുക്കിയ പ്രൊജക്ടുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | എസ്റ്റിമേറ്റ് തുക | ചെലവ്തുക | റിമാർക്സ് |
|---|---|---|---|---|
| റോഡുകൾ | | | | |
| 1 | 17/16 | 1000000 | 999990 | പുതുക്കുന്നതിന് കാരണം കാണിച്ചുകൊണ്ടുള്ള എസ്റ്റിമേറ്റ് റിപ്പോർട്ടില്ല.400മീറ്റർ നീളത്തിൽ പോട്ട് ഹോള് ഫില്ലിംഗ്, റീ ടാറിംഗ് എന്നിവ ഉദ്ദേശിച്ചെങ്കിലും 153 മീറ്റർ നീളത്തിൽ മണ്ണ് ഫില്ലിംഗ് ക്വാറിമക്ക് ഫില്ലിംഗ്, സോളിംഗ് മെറ്റലിംഗ്, 383 മീറ്റർ നീളത്തിൽ ടാറിംഗ്/റീ ടാറിംഗ് എന്നിവചെയ്തു |
| 2 | 20/16 | 998878 | 998878 | 330 മീറ്റർ നീളത്തിൽ സോളിംഗ് മുതൽ ടാറിംഗ് വരെയുള്ള പ്രവൃത്തികൾക്ക് പ്രൊജക്ട് തയ്യാറാക്കി.എന്നാൽ പ്രവൃത്തി ആരംഭിക്കുമ്പോൾ ആളുകൾ ആവശ്യപ്പെട്ടതിനെതുടർന്ന് സമൂലമായ മാറ്റം വരുത്തി 47 മീറ്റർ നീളത്തിൽ കോൺക്രീറ്റ് റോഡ്, കൽവെർട്ട് നിർമ്മാണം, മണ്ണ് ഫില്ലിംഗ് എന്നിവയാക്കി മാറ്റി. |
| 3 | 21/16 | 991839 | 991839 | 98 മീറ്റർ നീളത്തിൽ പാച്ച് സോളിംഗ്, 210 മീറ്ററിൽ സോളിംഗ്,350മീറ്റർ നീളത്തിൽ എന്നിവ ഉദ്ദേശിച്ചത് എസ്റ്റിമേറ്റിൽ വന്ന പിഴവുമൂലം 340 മീറ്റർ നീളത്തിൽ ടാറിംഗ് വരെ നടത്തുന്നതായി റിപ്പോർട്ടിൽ പ്രതിപാദിക്കുന്നു. |

| | | | | |
|---|---|---|---|---|
| 4 | 22/16 | 546941 | 546941 | റോഡിന്റെ അവശേഷിക്കുന്ന ഭാഗം മണ്ണ്,ക്വാറി മക്ക് എന്നിവ ഫിൽ ചെയ്ത് ഉയർത്താൻ വിഭാവനം ചെയ്തു.എന്നാൽ ജില്ലാപഞ്ചായത്തുകൂടി പ്രവൃത്തി ചെയ്യുന്നതായി പ്രവൃത്തി ആരംഭിക്കുമ്പോൾ ബോധ്യപ്പെട്ട തിനാൽ റിവെസ് ചെയ്ത് 262 മീറ്റർ നീളത്തിൽ സോളിംഗ് വരെ ചെയ്തു. ജില്ലാപഞ്ചായത്ത് എന്തു പ്രവൃത്തി, എത്ര ദൂരം ചെയ്യുന്നു എന്ന് റിപ്പോർട്ടിൽ നിന്നും വ്യക്തമല്ല |
| 5 | 23/16 | 1000000 | 999999 | പുതുക്കുന്നതിന് കാരണം കാണിച്ചിട്ടില്ല. ചെയിനേജും വ്യക്തമല്ല. പാച്ച് സോളിംഗ്, 260മീറ്റർ നീളത്തിൽ ടാറിംഗ് വരെയുള്ള പ്രവൃത്തികൾ 31 മീറ്റർ നീളത്തിൽ സൈഡ് കെട്ട്, താഴ്ന്ന ഭാഗങ്ങളിൽ മണ്ണ് ഫില്ലിംഗ്, കയറ്റം കുറയ്ക്കാൻ മണ്ണ് കുഴിച്ചുമാറ്റൽ എന്നിവ ഉദ്ദേശിച്ചെങ്കിലും മണ്ണിട്ടുയർത്തൽ, ക്വാറിമക്ക് ഫില്ലിംഗ്, സോളിംഗ്, 165 മീറ്റർ നീളത്തിൽ ടാറിംഗ് ,സൈഡ് കെട്ട് എന്നിവയാക്കി പുതുക്കി |
| 6 | 25/16 | 1000000 | 999421 | റോഡിന്റെ തുടക്കത്തിൽ 350 മീറ്റർ നീളത്തിൽ സോളിംഗ് മുതല് ടാറിംഗ് വരെ നടത്തുന്നതിനും തുടക്കത്തിലുള്ള ഉയരം കുറയ്ക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കി.എന്നാൽ തുടക്കത്തിൽ 65 മീറ്റർ നീളത്തിൽ കോൺക്രീറ്റ് റോഡും 335 മീറ്റർ നീളത്തിൽ സോളിംഗുമായി എസ്റ്റിമേറ്റ് പുതുക്കി |
| 7 | 26/16 | 697404 | 697404 | പുതുക്കുന്നതിന് കാരണം കാണിച്ചുകൊണ്ടുള്ള എസ്റ്റിമേറ്റ് റിപ്പോർട്ടില്ല.8 ഇനങ്ങളിലായി പോട്ട് ഹോൾ ഫില്ലിംഗ് ഉൾപ്പടെ 350 മീറ്റർ നീളത്തിൽ റീ ടാറിംഗ് ഉദ്ദേശിച്ചെങ്കിലും 116മീറ്റർ നീളത്തിൽ മണ്ണ്,ക്വാറി മക്ക് ഫില്ലിംഗ് ഉൾപ്പടെ ടാറിംഗ് നടത്തി.രണ്ട് എസ്റ്റിമേറ്റുകളും ഏത്തു ചെയിനേജിലെന്ന് വ്യക്തമാക്കിയിട്ടില്ല. |
| 8 | 28/16 | 1421904 | 1421904 | പ്രവൃത്തി ആരംഭിക്കുമ്പോൾ ആളുകൾ ആവശ്യപ്പെട്ടതിനെ തുടർന്ന് പുതുക്കി. |
| 9 | 33/16 | 550400 | 550400 | എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള കാരണം പുതുക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. |
| 10 | 34/16 | 600000 | 600000 | എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള കാരണം പുതുക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. 190 മീറ്റർ നീളത്തിൽ പാച്ച് സോളിംഗ് നടത്തി ടാറിംഗ് വരെയുള്ള പ്രവൃത്തികളും നിലവിലുള്ള കൽവെർട്ട് വീതികൂട്ടലുമാണ് ഉദ്ദേശിച്ചതെങ്കിലും |

| | | | | |
|---|---|---|---|---|
| | | | | (ഇവിടെ ചെയിനേജ് വ്യക്തമാക്കിയിട്ടില്ല) ചെയിനേജ് 740 മുതൽ 70 മീറ്റർ നീളത്തിൽ മണ്ണ് ഫില്ലിംഗ് 140 മീറ്റർ നീളത്തിൽ ക്വാറിമക്ക് ഫില്ലിംഗ് സോളിംഗ് ,174 മീറ്റർ നീളത്തിൽ ടാറിംഗ് വരെയുള്ള പ്രവൃത്തികൾ എന്നിവ നിർവ്വഹിച്ചു. |
| 11 | 35/16 | 566011 | 566005 | പുതുക്കുന്നതിന് കാരണം കാണിച്ചുകൊണ്ടുള്ള എസ്റ്റിമേറ്റ് റിപ്പോർട്ടില്ല. |
| 12 | 58/16 | 828249 | 826149 | പുതുക്കുന്നതിന് കാരണം കാണിച്ചുകൊണ്ടുള്ള എസ്റ്റിമേറ്റ് റിപ്പോർട്ടില്ല. |
| മറ്റുള്ളവ | | | | |
| 1 | 49/16 | 800000 | 414958 | പാർട്ട് ബിൽ |
| 2 | 67/16 | 1370700 | 752609 | |

പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുംവിധം വിശദമായ പഠനം നടത്താതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതെന്ന് മേല്പറഞ്ഞതിൽ നിന്നും വ്യക്തമാകുന്നു. പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോഴുള്ളതിൽനിന്നും തികച്ചും വ്യത്യസ്തമായ ഇനങ്ങൾ നിർവ്വഹിക്കുന്നതിനാൽ നിരക്കുകളിൽ മത്സരക്ഷമതയില്ലാതെയാണ് പ്രവൃത്തികൾ നിർവ്വഹിക്കപ്പെടുന്നത്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതിനും, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ വീഴ്ചമൂലം എസ്റ്റിമേറ്റ് പുതുക്കേണ്ടി വന്നതിനും ഇതുവഴി സ്ഥാപനത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന സാഹചര്യം സംജാതമായതിനും വിശദീകരണം നല്കേണ്ടതാണ്.

## **3-3** <u>ടാറിംഗിന് അധിക നിരക്ക് നൽകി</u>

ബ്ലോക്ക് പഞ്ചായത്തിൽ 2015-16 വർഷം നടത്തിയ ടാറിംഗ് പ്രവൃത്തികൾ VG-30 ഗ്രേഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ചെയ്തത്. ഈ ഗ്രേഡ് ബിറ്റുമിന്റെ ഡി.എസ്.ആർ നിരക്കായ ടണ്ണിന് 41000 രൂപയും അതിന്റെ കോസ്റ്റ് ഇൻഡക്സും (1.352 ) ഉൾപ്പെടുന്ന തുകയാണ് വിവിധ പ്രവൃത്തികൾക്ക് നൽകിയത്. ജി.ഒ.(ആർ.ടി) 786/14 തസ്വഭവ തീയതി: 18.3.2014 പ്രകാരം റോഡ് പ്രവൃത്തിക്ക് ടാറിന്റെ വില ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ നിരക്ക് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ മാർക്കറ്റ് നിരക്കിൻമേൽ കോസ്റ്റ് ഇൻഡക്സ് നൽകാൻ അനുവാദവുമില്ല. എന്നാൽ ഓഡിറ്റ് കാലയളവിൽ ടാറിന്റെ മാർക്കറ്റ് വില ഷെഡ്യൂൾ നിരക്കായ 41000 രൂപയിലും കുറവായിട്ടും ഷെഡ്യൂൾ നിരക്കിൻമേൽ കോസ്റ്റ്ഇൻഡക്സ് അനുവദിച്ചതായി കാണുന്നു.ഇതുവഴി ബ്ലോക്ക് പഞ്ചായത്തിന് താഴെ പറയും പ്രകാരം 250638/-രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രൊജക്റ്റ് നം, കരാർ തിയ്യതി, സാങ്കേതികാനുമതി ലഭിച്ച തിയ്യതി, എസ്റ്റിമേറ്റ് | മൂല്യനിർണയം ചെയ്ത തുക , അളവുപുസ്തകം, അവസാന ബിൽതുക, കരാറുകാരൻ | ചെയ്ത പ്രവൃത്തി(ഇനം), ആവശ്യമായ ടാർ | നൽകിയ തുക (കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ) | നൽകാവുന്നത് | അധികം നൽകിയ തുക(രൂ) |
|---|---|---|---|---|---|---|
| 1 | ചാളക്കുന്നത്ത് താഴെ രയരോത്തത് മുക്ക്പൈങ്ങാക്കളങ്ങര റോഡ് 23/15-16, AEE/KBP/7/15-16 03/10/15, KBP/AEE /LSGD/175/15-16 6/7/15, 1000000 | 999999, 68,69/15-16, 999999/-(ബിൽ നം.26/15-16 തീ.31/3/16), പി.ഇബ്രാഹിം | ടാക്ക്കോട്ട് 371.25കി.ഗ്രാം (ഇനം11)495ച.മീ *.75കി.ഗ്രാം/ച.മീ. | 1569.15 *41* 1.352 =86981 | 1569.15X 41=64335 | 22646 |
| | | | ചിപ്പിംഗ്കാർപ്പറ്റ് 712.8കി.ഗ്രാം (ഇനം.12) 495ച.മീ *144ടൺ/100ച.മീ. | | | |
| | | | സീൽകോട്ട് 485.1കിഗ്രാം(ഇനം13) 495ച.മീ*98കി.ഗ്രാം/100ച.മീ. | | | |
| 2 | പാതിരപ്പറ്റ സാമൂഹ്യവിഹാരം റോഡ് 17/15-16, AEE/KBP/4/15-16 29/09/15, KBP/AEE /LSGD/170/15-16 6/07/15, 1000000 | 999990/- 33,34/15-16, 999990/- (ബിൽ നം. 15/15-16 തീ. 29/3/16) തോമസ് പുല്ലാട്ട് | ടാക്ക്കോട്ട് 230കി.ഗ്രാം (ഇനം2)459ച.മീ* 0.5കി.ഗ്രാം/ച.മീ. | 3022.68 *41*1.352 = 167553 | 3022.68*41*= 123930 | 43623 |
| | | | ചിപ്പിംഗ്കാർപ്പറ്റ് 1661.76കി.ഗ്രാം (ഇനം.3) 1154.74ച.മീ*. 144ടൺ/100ച.മീ. | | | |
| | | | സീൽകോട്ട് 1130.92കിഗ്രാം(ഇനം7) 1154.74ച.മീ *98കി.ഗ്രാം/100ച.മീ. | | | |
| 3 | എരട്ടഞ്ചാലൽ പുളിയൻപാറ റോഡ് 21/15-16, AEE/KBP/19/15-16 4/11/15, KBP/AEE/ LSGD/208/15-16 6/7/15 1000000 | 991839/- 57/15-16, 991839/-, (ബിൽ നം.8/15-16 /15-16 തീ.21/3/16) ഡൊമിനിക് ഡൊമനിക് | ടാക്ക്കോട്ട് 761.81കി.ഗ്രാം (ഇനം8)1015.75ച.മീ* .75കി.ഗ്രാം/ച.മീ. | 3219.92*41*1.352 =178487 | 3219.92*41= 132017 | 46470 |
| | | | ചിപ്പിംഗ്കാർപ്പറ്റ് 1462.68കി.ഗ്രാം (ഇനം.9) 1015.75ച.മീ.* .144ടൺ/100ച.മീ. | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | സീൽകോട്ട് 995.43കിഗ്രാം(ഇനം8)<br>1015.75ച.മീ*98കി.ഗ്രാം/100ച.മീ. | | | |
| 4 | കലാനഗർ-<br>ടെലഫോൺ<br>എക്സ്ചേഞ്ച് റോഡ്<br>34/16<br>AEE/KBP/24/15-16<br>4/11/15<br>KBP/AEE/LSGD/<br>180/15-16 6.7.15<br>600000 | 600000/-<br>32/15-16<br>600000/-(ബിൽ നം.16/15-16<br>29/3/16<br>റഫീഖ് കെ.പി | ടാക്ക്കോട്ട്<br>420.75കി.ഗ്രാം<br>(ഇനം6)561ച.മീ*<br>.75കി.ഗ്രാം/ച.മീ.<br><br>ചിപ്പിംഗ്കാർപ്പറ്റ് 807.84കി.ഗ്രാം<br>(ഇനം.7)<br>561ച.മി.*.144ടൺ/100ച.മീ.<br><br>സീൽകോട്ട്<br>549കിഗ്രാം(ഇനം8)<br>561ച.മീ*98കി.ഗ്രാം/100ച.മീ. | 1777.59X41X1.352=98535 | 1777.59X41<br>=72881 | 25654 |
| 5 | ആണക്കൽ<br>തൈക്കണ്ടി<br>താഴ റോഡ്<br>26/16<br>AEE/KBP/14/15-16<br>5/10/15<br>KBP/AEE/LSGD/<br>177/15-16 6/7/15<br>700000 | 697404/-<br>65/15-16<br>97404/-(ബിൽ നം 22/15-16<br>31.3.16<br>സണ്ണി mm | ടാക്ക്കോട്ട്<br>261കി.ഗ്രാം<br>(ഇനംE8)348ച.മീ*.75കി.ഗ്രാം/ച.മീ.<br><br>ചിപ്പിംഗ്കാർപ്പറ്റ് 501.12കി.ഗ്രാം<br>(ഇനം.E9)<br>348ച.മി.*.144ടൺ/100ച.മീ.<br><br>സീൽകോട്ട്<br>341.04കിഗ്രാം(ഇനംE10)<br>348ച.മീ*98കി.ഗ്രാം/100ച.മീ. | 1103.16X41X1.352=61150 | 1103X41<br>=45230 | 15920 |
| 6 | കാഞ്ഞിരക്കണ്ടി<br>ആശ്വാസി റോഡ്<br>പൂർത്തീകരണം<br>35/16<br>AEE/KBP/6/15-16<br>3/10/15<br>KBP/AEE/<br>LSGD/നമ്പരില്ല<br>6/7/15<br>566011 | 566005/-<br>54/15-16<br>566005/-(ബിൽ നം<br>5/15-1624.2.16<br>രഘുദാസൻ | ടാക്ക്കോട്ട്<br>473.62കി.ഗ്രാം<br>(ഇനം6)631.5ച.മീ*.<br>75കി.ഗ്രാം/ച.മീ.<br><br>ചിപ്പിംഗ്കാർപ്പറ്റ് 909.36കി.ഗ്രാം<br>(ഇനം.7) 631.50ച.മി.*<br>.144ടൺ/100ച.മീ.<br><br>സീൽകോട്ട്<br>618.87കിഗ്രാം(ഇനം8)<br>631.50ച.മീ*<br>98കി.ഗ്രാം/100ച.മീ. | 2001.85x41x1.352<br>=110967 | 2001.85x41<br>=82076 | 28891 |

| | | | | | | |
|---|---|---|---|---|---|---|
| 7 | മൊകേരി ഗവ: കോളേജ് റോഡ് പൂര്‍ത്തീകരണം<br>33/16<br>AEE/KBP/25/15-16<br>4/11/15<br>KBP/AEE/<br>LSGD/179/15-16<br>600000 | 550400/-<br>41/15-16<br>550400/-(ബില്‍ നം 14/15-16<br>29.3.16<br>റഫീഖ് കെ പി | ടാക്ക്കോട്ട്<br>156.15കി.ഗ്രാം<br>(ഇനം8)208.2ച.മീ*<br>.75കി.ഗ്രാം/ച.മീ.<br><br>ചിപ്പിംഗ്കാര്‍പ്പറ്റ് 1482.25കി.ഗ്രാം<br>(ഇനം.9) 1029.34ച.മി.*<br>.144ടണ്‍/100ച.മീ.<br><br>സീല്‍കോട്ട്<br>1008.75കിഗ്രാം(ഇനം10)<br>1029.34ച.മീ*<br>98കി.ഗ്രാം/100ച.മീ.<br><br>ടാക്ക്കോട്ട്<br>411കി.ഗ്രാം<br>(ഇനംE1)821.14ച.മീ*<br>.5കി.ഗ്രാം/ച.മീ. | 3058.15X41X1.352<br>=169519 | 3058.15X41<br>=125384 | 44135 |
| 8 | ആലക്കാട്ട് തറ കോളനി റോഡ്(scp)<br>65/16<br>AEE/KBP/26/15-16<br>17.11.15<br>KBP/AEE<br>/LSGD/186/15-16<br>6.7.15<br>499950 | 482924/-<br>60/15-16<br>482924/-(ബില്‍ നം.10/15-16<br>26.3.16)<br>കരീം M | ടാക്ക്കോട്ട് 382കി.ഗ്രാം<br>(ഇനം 7)509.25ച.മീ*<br>.75കി.ഗ്രാം/ച.മീ.<br><br>ചിപ്പിംഗ്കാര്‍പ്പറ്റ്<br>733.32കി.ഗ്രാം<br>(ഇനം.8) 509.25ച.മീ*<br>.144ടണ്‍/100ച.മീ.<br><br>സീല്‍കോട്ട്<br>499.07കിഗ്രാം(ഇനം9)<br>509.25ച.മീ*<br>98കി.ഗ്രാം/100ച.മീ. | 1614.39x41x1.352=89489 | 1614.39x41=66190 | 23299 |

ആകെ നഷ്ടം – 250638/- രൂപ

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. 250638/- രൂപ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറില്‍ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 റോഡ് പ്രവൃത്തികള്‍ക്ക് ക്വാറി മക്ക് ഉപയോഗിച്ചത്- ആവശ്യകത വ്യക്തമാക്കുന്ന രേഖകള്‍ ഇല്ല

നിര്‍വ്വഹണം : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയര്‍

2015-16 വര്‍ഷത്തില്‍ നിര്‍വ്വഹണം നടത്തിയ റോഡ് പ്രവൃത്തികളില്‍ 10 പ്രൊജക്ടുകളുടെ കാര്യത്തില്‍ (പ്രൊജക്ടുകള്‍-17,20,22,23,25,26,32,34,35,36) റോഡിന്റെ സബ് ഗ്രേഡ് ബലപ്പെടുത്തുന്നതിനായി 15 സെ.മീ. വരെയുള്ള കനത്തില്‍ ക്വാറിമക്ക് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. ആകെ 9.58 ലക്ഷം രൂപ മേല്‍ പ്രവൃത്തികളുടെ

കാര്യത്തിൽ ക്വാറിമക്ക് ഫില്ലിംഗിനായി വിനിയോഗിച്ചിട്ടുണ്ട് .റോഡ് പ്രവൃത്തികളിൽ ക്വാറിമക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് 26.9.16 ന് 718974/estt.D4/16/Fin നമ്പർ കത്തു പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി(ഫിനാൻസ്) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് നല്കിയ ക്ലാരിഫിക്കേഷനിൽ , നിലവിലുള്ള മണ്ണിനെ സ്റ്റബിലൈസ് ചെയ്യാനം,സബ് ഗ്രേഡിന്റെ CBR വാല്യൂ മെച്ചപ്പെടുത്താനം ക്വാറി മക്ക് ഉപയോഗപ്പെടുത്താമെന്നും, എന്നാൽ സബ് ബേസിന്റെ CBR വാല്യൂ മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും ,ക്വാറി മക്ക് ഉപയോഗിച്ചാൽ റോഡ് പ്രവൃത്തിയുടെ ആകെ ചെലവിൽ കുറവുണ്ടാകുമെന്നും തെളിയിക്കുന്ന ഡാറ്റാ ക്വാറിമക്ക് ഉപയോഗിക്കാനുള്ള ഏതൊരു പ്രൊപ്പോസലിനും സപ്പോർട്ടിംഗ് ഡോക്യുമെന്റായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ ഇത്തരം യാതൊരു ഡാറ്റായും ഇല്ലാതെയും ക്വാറിമക്ക് ഉപയോഗിക്കേണ്ടി വരുന്നതിന്റെ ആവശ്യകത വ്യക്തമാക്കാതെയുമാണ് ക്വാറിമക്ക് ഉപയോഗിച്ചിരിക്കുന്നത്. പഞ്ചായത്ത് ഫണ്ടിൽ നിന്നും അനാവശ്യചെലവുവരുമെന്നതിനാൽ ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേല്പറഞ്ഞതിൽ 25/16 നമ്പർ പ്രൊജക്ടിന്റെ കാര്യത്തിൽ കയറ്റമുള്ള റോഡിൽ കോൺക്രീറ്റിംഗും സോളിംഗും നടത്തുന്നതിന് മുന്നോടിയായാണ് എക്സ്ട്രാ ഇനം 1 ആയി 399.5 മീറ്റർ നീളത്തിലും ശരാശരി 3.4 മീറ്റർ വീതിയിലും 10 cm കനത്തിലും 145.67m3 ക്വാറിമക്ക് നിറച്ചതെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു.ആകെ 178009/- രൂപ ഇതിനായി വിനിയോഗിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശം താഴെ കൊടുക്കുന്നു.

പ്രവൃത്തി -- മുട്ടന്തറ തരിപ്പക്കുന്ന് റോഡ്

എസ്റ്റിമേറ്റ് തുക — 1000000/-രൂപ

ആകെ പ്രവൃത്തിമൂല്യം – 999421/-രൂപ

അവസാന ബിൽ തുക – 999421/- (ബിൽ നം-11/15-16 26.3.16)

സാങ്കേതികാനുമതി നം – KBP/AEE/LSGD/176/15-16

കരാറുടമ്പടി നം – AEE/KBP/11/15-16 3.10.15

അളവു പുസ്തകം – 29,39/15-16

കരാറുകാരൻ – സഫീർ കെ

കയറ്റമുള്ള റോഡിൽ ചെലവേറിയ ക്വാറിമക്ക് നിറയ്ക്കേണ്ടതിന്റെ ആവശ്യകതയെന്തെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല.കൂടാതെ എസ്റ്റിമേറ്റ് പുതുക്കിയപ്പോഴാണ് ഈ ഇനം ഉൾപ്പെട്ടതെന്നും ശ്രദ്ധേയമാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി നല്കിയിട്ടില്ല.വിശദീകരണം നല്കേണ്ടതും അനാവശ്യമായി ക്വാറിമക്ക് നിറച്ചതിന് ചെലവഴിച്ച178009/- രൂപ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 3-5 മൺ റോഡുകൾക്ക് ഫോർമേഷന് തുക നല്കി

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ ,നിലവിലുള്ള മൺ റോഡുകളിൽ സോളിംഗ് വരെയും,ടാറിംഗ് ഉൾപ്പടെയുള്ളതുമായ പ്രവൃത്തികൾ നടത്തിയ പ്രൊജക്ടുകളുടെ കാര്യത്തിൽ, സബ് ഗ്രേഡ്, ആവശ്യമായ ലെവലിംഗ് നടത്തി റോളർ ഉരുട്ടി തയ്യാറാക്കുന്നതിന് DSR കോഡ് 16.1(ഒബ്സേർവ്ഡ് ഡാറ്റാ) പ്രകാരമുള്ള സബ് ഗ്രേഡ് ഫോർമേഷൻ പ്രവൃത്തി നടത്തി തുക നല്കിയിട്ടുണ്ട്.78.05/m2(കരാറുകാരന്റെ ലാഭം ഉൾപ്പെടെ)നിരക്കിലാണ് തുക നല്കിയിരിക്കുന്നത്. കാലാകാലങ്ങളായി വാഹന ഗതാഗതം നടത്തി ഉറച്ച മൺറോഡിലാണ്(മിക്ക റോഡുകളിലും മുൻവർഷങ്ങളിൽ ഭാഗികമായി സോളിംഗ് വരെയും, ടാറിംഗ് ഉൾപ്പടെയുള്ളതുമായ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. കൂടാതെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലുള്ള മൺ റോഡാണെന്ന് പരാമർശിച്ചിട്ടുമുണ്ട്) പുതിയറോഡുകളുടെ കാര്യത്തിൽ ഉപയോഗപ്പെടുത്തണമെന്ന് DSR ൽ നിഷ്കർഷിച്ച ഇനം നല്കിയിരിക്കുന്നത്. ഇത്തരം റോഡുകളിൽ പ്രതലം ലെവൽ ചെയ്യുന്നതിന് LSGD കോഴിക്കോട് ഡിവിഷൻ തയ്യാറാക്കിയ പുതിയ

കോസ്റ്റ് ഇൻഡെക്സ് ക്യാപ്സ്യൂളിൽ ക്രമ നം 1 ആയി ഉറച്ച പ്രതലത്തിലുള്ള സെക്ഷണിംഗ് നടത്തുന്നതിന് കരാറുകാരന്റെ ലാഭം ഉൾപ്പടെ 26.38/m2 നിരക്കാണ് നല്കിയിരിക്കുന്നത്. നിലവിലുള്ള മൺറോഡുകളിൽ സെക്ഷണിംഗ് പ്രവൃത്തി മാത്രമാണ് നടത്തേണ്ടത് എന്നിരിക്കെ ആവശ്യമില്ലാത്ത ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ നിർവ്വഹിച്ചതിനാൽ താഴെ പറയുന്ന പ്രവൃത്തികൾക്കായി 159350/- രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടമായിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തി | കരാറുകാരൻ | ആകെ പ്രവൃത്തിമൂല്യം | അവസാന ബിൽ തുക | സബ് ഗ്രേഡ് ചെയ്ത അളവ് | നല്കിയ തുക | നല്കാവുന്ന തുക | കൂടുതൽ |
|---|---|---|---|---|---|---|---|---|
| 1 | മുട്ടന്തറ തരിപ്പ ക്കുന്ന് റോഡ് -25/16 | സഫീർ.കെ | 999421/- | 999421/- (ബിൽ നം-11/15-16 26.3.16) | 1456.7m2 | 113695/- | 38428 | 75267 |
| 2 | ആലക്കാട്ട് തറ കോളനി റോഡ് (scp) 65/16 | കരീം M | 482924/- | 482924/-(ബിൽ നം.10/15-16 26.3.16) | 509.25m2 | 39747/- | 13434/- | 26313 |
| 3 | മൊകേരി ഗവ: കോളേജ് റോഡ് പൂർത്തീകരണം 33/16 | റഫീഖ് കെ പി | 550400/- | 550400/-(ബിൽ നം 14/15-16 29.3.16 | 184.6m2 | 14408 | 4870/- | 9538 |
| 4 | കാഞ്ഞിരക്കണ്ടി ആശ്വാസി റോഡ് പൂർത്തീകരണം 35/16 | രഘുദാസൻ | 566005/- | 566005/-(ബിൽ നം5/15-16 24.2.16) | 223.7m2 | 17460/- | 5901/- | 11559/- |
| 5 | എരട്ടഞ്ചാലൽ പുളിയൻപാറ റോഡ് 21/15-16 | ഡൊമിനിക് ഡൊമനിക് | 991839/- | 991839/-, (ബിൽ നം. 8/15-16/ 15-16 തീ.21/3/16) | 709.75m2 | 55396/- | 18723 | 36673/- |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| ആകെ | | | | | | | | | 159350 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. 159350/-രൂപ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 പുതിയറോഡിന്റെ നിർമ്മാണം-സൈഡ് ഫോർമേഷന് തുക നല്കി

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന റോഡുകളിൽ സോളിംഗിനുമേൽ മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികളാണ് നടത്തിയത്. പുതിയ റോഡുകളുടെ നിർമ്മിതിയാണ് നടത്തിയതെങ്കിലും മൂന്ന് റോഡുകളുടെ കാര്യത്തിലും റോഡിന്റെ വശങ്ങളിൽ മണ്ണിട്ട് ഫോം ചെയ്തതിന് തുക നല്കിയിട്ടുണ്ട്. കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരം മെറ്റലിംഗ് നടത്തുന്ന റോഡുകളുടെ ഇരുവശവും ഒരു മീറ്റർ വീതിയിൽ അല്ലെങ്കിൽ ഓടവരെ ഏതാണോ കുറവ് അത്രയും ഭാഗം റോഡിന്റെ ഷോൾഡർ സെക്ഷണിംഗ് നടത്തി തയ്യാറാക്കുന്നതിനുള്ള നിരക്ക് മെറ്റലിംഗ് നടത്തുന്നതിന് കോൺട്രാക്ടർക്ക് അനുവദിച്ചിട്ടുള്ള യൂണിറ്റ് നിരക്കിൽ ഉൾപ്പെടുന്നതാണ്. പ്രൊജക്ടുകൾ പ്രകാരം മെറ്റലിംഗ് നടന്നിട്ടുള്ളതിനാൽ ഷോൾഡർ സെക്ഷണിംഗ് പ്രത്യേകം ചെയ്ത് തുക വിനിയോഗിച്ചത് ശരിയല്ല. മൂന്ന് പ്രവൃത്തികൾക്കുമായി ഈയിനത്തിൽ വിനിയോഗിച്ച 53686/- രൂപയുടെ ചെലവ് അംഗീകരിക്കാവുന്നതല്ല.

<u>പ്രവൃത്തികളുടെ വിശദാംശം</u>

1. 21/16 - എരട്ടുഞ്ചാലൽ പുളിയൻപാറ റോഡ്

   എസ്റ്റ്മേറ്റ് തുക - 1000000

   ആകെ പ്രവൃത്തി മൂല്യം – 991839/-

   അവസാന ബിൽ തുക – 991839/-, (ബിൽ നം.8/15-16/15-16 തീ.21/3/16)

   സാങ്കേതികാനുമതി നം-KBP/AEE/LSGD/208/15-16 6/7/15

   കരാറുടമ്പടി നം --AEE/KBP/19/15-16 4/11/15,

   കരാറുകാരൻ -ഡൊമിനിക് ഡൊമനിക്

   അളവു പുസ്തകം – 57/15-16,

   ഇനം 11ആയി 84 m3 മണ്ണ് സൈഡ് ഫോർമേഷനായി ഫില്ലിംഗ് നടത്തിയതിന് 417.01/-രൂപ/ മീറ്റർ3നിരക്കിൽ 35029/-രൂപ നല്കി.

2. കാഞ്ഞിരക്കണ്ടി ആശ്വാസി റോഡ് പൂർത്തീകരണം 35/16

   എസ്റ്റ്മേറ്റ് തുക -566011/-

   ആകെ പ്രവൃത്തി മൂല്യം -566005/-

   അവസാന ബിൽ തുക – 566005/- (ബിൽ നം5/15-16 24.2.16)

   സാങ്കേതികാനുമതി നം. – KBP/AEE/LSGD/നമ്പരില്ല 6.7.15

   കരാറുകാരൻ: രഘുദാസൻ

   അളവു പുസ്തകം: 54/15-16

   ഇനം 9 ആയി 42.11m3 മണ്ണ്, സൈഡ് ഫോർമേഷനായി ഫ്ലില്ലിംഗ് നടത്തിയതിന് 417.01രൂപ/m3

നിരക്കിൽ 17560/- രൂപ നല്കി.

3. ആലക്കാട്ട് തറ കോളനി റോഡ്(scp) 65/16

എസ്റ്റ്മേറ്റ് തുക: 499950

ആകെ പ്രവൃത്തി മൂല്യം:499950/-

അവസാന ബിൽ തുക:482924/-(ബിൽ നം.10/15-16 26.3.16)

സാങ്കേതികാനുമതി നം: KBP/AEE/LSGD/186/15-16 6.7.15

കരാറുകാരൻ:കരീം.എം

അളവു പുസ്തകം:60/15-16

ഇനം 10 ആയി 2.6311m3 മണ്ണ്, സൈഡ് ഫോർമേഷനായി ഫ്ലില്ലിംഗ് നടത്തിയതിന് 417/-രൂപ/m3 നിരക്കിൽ 1097/- രൂപ നല്കി.
അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. 53686/- രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 കുറ്റ്യാടി താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്ററിനു മരുന്നുവാങ്ങൽ-തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ മുഴുവൻലഭിച്ചില്ല..

പ്രോജക്റ്റ്നം-44/16

അടങ്കൽ -300000/-

ചെലവ് -300000/- (ബിൽ നം-15/30-3-16)

നിർവ്വഹണം -മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ

താലൂക്ക് ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഡയാലിസിസ് സെന്ററിനു മരുന്നുവാങ്ങലിനായി പെർഫോർമ ഇൻവോയ്സ് നം-PRF 4210/23-3-2016 പ്രകാരം 300000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ തിരുവനന്തപുരത്തിന് മുൻകൂറായി നൽകിയിട്ടുണ്ട്.മരുന്ന് വിതരണം പരിശോധിച്ചതിൽ ഇൻവോയ്സ് നം-1549/17-6-16 പ്രകാരം 144490/-രൂപയുടെയും,ഇൻവോയ്സ് നം-2122/23-7-16 പ്രകാരം 21457/-രൂപയുടെയും അടക്കം ആകെ 165947/-രൂപയുടെ മരുന്നുകൾ മാത്രമേ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ താലൂക്ക് ആശുപത്രിക്ക് സപ്ളെചെയ്തിട്ടുള്ളൂ എന്ന് കാണുന്നു.അവശേഷിക്കുന്ന 134053/-രൂപയുടെ മരുന്നുകൾ നാളിതുവരെയായും വിതരണം ചെയ്തിട്ടില്ല. മരുന്നുവില മുൻകൂറായി നൽകിയിട്ടും നാളിതുവരെയായും മരുന്നുകൾ ലഭ്യമാവാത്തതിന് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക 134053/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാത്ഥികൾക്ക് സ്കോളർഷിപ്പ് പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ-കൈപ്പറ്റ് രസീത് വിനിയോഗവിവരം എന്നിവയില്ല.

പ്രോജക്റ്റ്നം -12/16

അടങ്കൽ – 430000/-

ചെലവ് – 430000/- (ബിൽ നം-1/30-3-16)

നിർവ്വഹണം -സി.ഡി.പി.ഒ

ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ പഞ്ചായത്തുകൾ ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ആവിഷ്കരിച്ച സംയുക്ത പ്രോജക്റ്റുകളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം നൽകുന്നതിന്റെ ഭാഗമായി താഴെ പറയും പ്രകാരം തുകകൾ പഞ്ചായത്തുകൾക്ക് നൽകുന്നതിനായി പിൻവലിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| പഞ്ചായത്തിന്റെ പേര് | പ്രോജക്റ്റ്നം | പിൻവലിച്ച തുക |
|---|---|---|
| നരിപ്പറ്റ | 23/16 | 50000 |
| കായക്കൊടി | 39/16 | 50000 |
| കുന്നമ്മൽ | 18/16 | 45800 |
| മരുതോംകര | 31/16 | 50000 |
| കാവിലുംപാറ | 63/16 | 53400 |
| കുറ്റ്യാടി | 15/16 | 50000 |
| വേളം | 205/16 | 130800 |
| | ആകെ | 430000/- |

മേൽ തുകകൾ പഞ്ചായത്തുകൾക്ക് കൈമാറിയത് സംബന്ധിച്ച് പഞ്ചായത്തുകളുടെ കൈപ്പറ്റ് രസീതോ, വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രമോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ് . ചെലവ് തുക 430000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ഐ.എ.വൈ ഭവനപദ്ധതിനിർവ്വഹണം പ്ലാൻഫണ്ടിൽ നിന്നും മുൻകൂറായി തുക പിൻവലിക്കുന്നു.

പ്രോജക്റ്റ് നമ്പർ -14/16

പ്രോജക്റ്റിന്റെ പേര് - ഐ.എ.വൈ ഭവനനിർമ്മാണം (വനിത)

അടങ്കൽ – 7600000 (1186120 വികസനഫണ്ട്, 2660000 കേന്ദ്രാവിഷ്കൃതഫണ്ട്-

1900000 -സംസ്ഥാനാവിഷ്കൃതഫണ്ട്(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

29880 – തനത്ഫണ്ട്, 760000- ഗ്രാമപഞ്ചായത്ത് വിഹിതം,

1064000 – ജില്ലാപഞ്ചായത്ത് വിഹിതം)

ചെലവ് -1186120(ബിൽ നം-28 /16 തീയ്യതി 13-1-16 തുക -325870/-,

ബിൽ നമ്പർ – 39/16 തീയ്യതി 15-2-16 തുക-860250/-)

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് ഐ.എ.വൈ ഭവനപദ്ധതി (വനിത)ക്കായി 1186120 രൂപ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ഇതിൽ ബിൽ നം-39/16 തീയ്യതി 15-2-16 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച 860250/- രൂപയുടെ വിനിയോഗരേഖ പരിശോധിച്ചതിൽ ട്രഷറിബില്ലിനോടൊപ്പം അടക്കംചെയ്ത ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ ചിലർ തുക കൈപ്പറ്റാത്തതായും മറ്റ് ചിലർ തുക കൈപ്പറ്റിയത് മാസങ്ങൾ കഴിഞ്ഞുമാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | തുക | കൈപ്പറ്റിയ തീയ്യതി |
|---|---|---|
| ലീല പൊക്കൻ | 32000 | തുക കൈപ്പറ്റിയിട്ടില്ല |
| ചീരു W/O ചാത്തു | 32000 | തുക കൈപ്പറ്റിയിട്ടില്ല |
| ജാനു W/O കണ്ണൻ | 32000 | 24-1-2017 |
| റീജ നാണു | 32000 | 6-9-16 |
| ജാനു തെക്കേപറമ്പ് | 32000 | 6-9-16 |
| ലീല തയ്യുള്ളതിൽ | 32000 | 23-9-16 |
| നാരായണി ഒണക്കൻ | 32000 | 23-11-16 |
| കമല രാമൻ | 32000 | 11-11-16 |

ഇതിൽ നിന്നും സാമ്പത്തിക വർഷം അവസാനം ട്രഷറിയിൽ നിന്നും ഗുണഭോക്താക്കളുടെ പേരിൽ തുക മുൻകൂർ പിൻവലിച്ച് ഐ എ.വൈ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ആവശ്യാനുസരണം പിന്നീട് ഗുണഭോക്താക്കൾക്ക് നൽകുകയുമാണെന്ന് വ്യക്തമാവുന്നു. 12-4-2006 ലെ ജി.ഓ.പി 177/2006 ധനവിനിയോഗമാർഗ്ഗരേഖ ഖണ്ഡിക 6.1 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂർ പിൻവലിക്കാൻ പാടില്ലാത്തതാണ്.കൂടാതെ ഐ.എ.വൈ ഭവനപദ്ധതിയിൽ ഗുണഭോക്താക്കൾ ഒരുവർഷത്തിനുള്ളിൽ തന്നെ ഭവനനിർമ്മാണം പൂർത്തീകരിക്കണമെന്നിരിക്കെ ട്രഷറിയിൽ നിന്നും പിൻവലിച്ചതുക ഗുണഭോക്താക്കൾക്ക് നൽകുന്നതിൽ വന്ന കാലതാമസത്തിന് വിശദീകരണം നൽകേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | 2015-16 | 11022623 | ഐ.എ.വൈ ഭവനപദ്ധതി | 7492875 | 3529748 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2015-16 | 11707489 | ഐ.എ.വൈ ഭവനപദ്ധതി | 10175344 | 1532145 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നുമില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പതുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ സംസ്ഥാന സർക്കാർ അധിക വിഹിതം | ജി.ഒ (എം.എസ്) 90/2013 തീ.14-03-2013 | 2758250 | 2758250 (പലിശ-364136) | 500000 | - | 2258250 (പലിശ-669845) |
| ഇ.എം.എസ് ഭവന പദ്ധതി വായ്പ | ജി.ഒ (എം.എസ്) 207/2009 തീ.07-11-2009 | 16593401 | 6337244 | 1500000 | - | 4837244 |

ലോൺ രജിസ്റ്ററുകളിലെ വായ്പ വാർഷിക ധനകാര്യ പത്രികയിലെ വായ്പയുമായി പൊരുത്തപ്പെടുന്നില്ല. ഇവ പൊരുത്തപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3.4 | 2006-07 | 3.79.14 | വ്യവസായ എസ്റ്റേറ്റ് പൂർത്തിയാക്കിയില്ല. ചെലവഴിച്ച പണം പാഴാകുന്നു. | തീർപ്പാക്കിയിട്ടില്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 98345494 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 97245494 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 641683 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 564053 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 250638 | ശ്രീ.പി.എം.ഗോപിനാഥ്, |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | | 178009 | ശ്രീ.പി.എം.ഗോപിനാഥ്,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-5 | | 159350 | ശ്രീ.പി.എം.ഗോപിനാഥ്,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-6 | | 53686 | ശ്രീ.പി.എം.ഗോപിനാഥ്,<br>അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | | 641683 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 134053 | ശ്രീമതി.ഡോ.എം.ജമീല,<br>മെഡിക്കൽ ഓഫീസർ,<br>താലൂക്ക് ഹോസ്പിറ്റൽ കുറ്റ്യാടി |
| 3-8 | 430000 | ശ്രീമതി.രശ്മി രാമൻ.ബി, സി.ഡി.പി.ഒ |
| ആകെ | 564053 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.എം.ഗോപിനാഥ്.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>കോഴിക്കോട് കോർപറേഷൻ | ഐശ്വര്യ,തൃക്കലങ്ങോട്ട് (പി.ഒ),മഞ്ചേരി,മലപ്പുറം,676173 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1995-96, 1996-97, 1997-98 | എൽ.എഫ്.കെ.കെ.ഡി./പി7/ 376/12 തി.7.9.12 | 1 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി./പി7/ 1376/12 (1) തി.7.9.12 | 1 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി./പി7/ 1376/12 (2) തി.7.9.12 | 7 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി./പി7/ 1376/12 (3) തി.10.9.12 | 13 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി./പി7/ 1376/12 (4) തി.10.9.12 | 8 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി./പി7/ 1376/12(5) തി.10.9.12 | 20 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി./പി7/ 1376/12(6) തി.10.9.12 | 3 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി./പി7/ 1376/12(7) തി.10.9.12 | 6 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി./പി7/ 1376/12(8) തി.10.9.12 | 3 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി./പി7/ 170/12(1) തി.13.2.12 | 12 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി./പി7/ 170/12(2) തി.13.2.12 | 14 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി./എസ്2/ 1514/11 തി.4.9.12 | 16 |

| | | |
|---|---|---|
| 2009-10 | എൽ.എഫ്.കെ.കെ.ഡി./എസ്2/ 1514/11 തി.4.9.12 | 14 |
| 2010-11,2011-12 | എൽ.എഫ്.കെ.കെ.ഡി./പി7/ 41/13 തി.18.6.14 | 18 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി./പി7/ 1376/12 തി. | 7 |
| 2013-14,2014-15 | എൽ.എഫ്.കെ.കെ.ഡി./പി7/ 1755/16/12 തി.27.10.2016 | 11 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

**1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി.പി7/440/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി.21-03-2017.

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുന്നുമ്മൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P7/440/2017

Kerala State Audit Department

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date: 21-03-2017.

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kunnummal Block Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kunnummal Blockpanchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure .

JOINT DIRECTOR

DISTRICT AUDIT OFFICE, KOZHIKODE.